## 2025 നവംബർ 27 -30 തീയതികളിലെ നന്ദിപ്രകാശന സമന്വയ കോൺഫറൻസിനായുള്ള ദൂതുകളുടെ രൂപരേഖ

### പൊതു വിഷയം:

### മത്തായിയിൽ വെളിപ്പെടുത്തിയിരിക്കുന്ന സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു

### ദൂത് ആറ്

RK *Hymns*: ML611

### സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും ഉള്ളവനായ ക്രിസ്തു

തിരുവെഴുത്ത് വായന: മത്താ. 7:29; 21:24; ലൂക്കൊ. 5:24; റോമ. 9:21-22; എബ്രാ. 13:17

മത്താ. 7:29 എന്തെന്നാൽ അവൻ അവരുടെ ശാസ്ത്രിമാരെപ്പോലെയല്ല, അധികാരം ഉള്ളവനായിട്ടാകുന്നു അവരെ ഉപദേശിച്ചത്.

മത്താ. 21:24 യേശു അവരോട് ഉത്തരം പറഞ്ഞു, ഞാനും നിങ്ങളോട് ഒരു കാര്യം ചോദിക്കാം, അതു നിങ്ങൾ എന്നോടു പറയുമെങ്കിൽ, എന്ത് അധികാരത്താൽ ഇവ ചെയ്യുന്നു എന്നു ഞാനും നിങ്ങളോടു പറയും.

ലൂക്കൊ. 5:24 എന്നാൽ ഭൂമിയിൽ മനുഷ്യപുത്രനു പാപങ്ങൾ ക്ഷമിക്കുവാൻ അധികാരം ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്—അവൻ പക്ഷവാതം പിടിച്ചവനോട്, നിന്നോടു ഞാൻ പറയുന്നു, എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തുകൊണ്ട് നിന്റെ ഭവനത്തിലേക്കു പോകുക എന്നു പറഞ്ഞു.

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

റോമ. 9:22 ദൈവമോ, തന്റെ ക്രോധം പ്രകടിപ്പിക്കുവാനും തന്റെ ശക്തി അറിയിക്കുവാനും ഇച്ഛിച്ചുകൊണ്ട്, നാശത്തിന് യുക്തമായ ക്രോധപാത്രങ്ങളെ അധികം ദീർഘക്ഷമയോടെ സഹിച്ച്,

എബ്രാ. 13:17 നിങ്ങളെ നയിക്കുന്നവരെ അനുസരിക്കുകയും അവർക്കു കീഴ്പ്പെടുകയും ചെയ്യുവിൻ, അവർ കണക്കു ബോധിപ്പിക്കേണ്ടവരെന്ന നിലയിൽ നിങ്ങളുടെ ദേഹികളിന്മേൽ ജാഗരിക്കുന്നു, അത് അവർ ഞരക്കത്തോടെയല്ല സന്തോഷത്തോടെ ചെയ്യേണ്ടതിന് ഇടയാക്കുവിൻ; അല്ലാഞ്ഞാൽ അത് നിങ്ങൾക്കു പ്രയോജനകരമാകില്ല.

**I. *അധികാരം* എന്നതിന്റെ നിർവചനം നമുക്ക് ആവശ്യമാണ്—മത്താ. 7:29:**

മത്താ. 7:29 എന്തെന്നാൽ അവൻ അവരുടെ ശാസ്ത്രിമാരെപ്പോലെയല്ല, അധികാരം ഉള്ളവനായിട്ടാകുന്നു അവരെ ഉപദേശിച്ചത്.

A. *അധികാരം* എന്നതിനുള്ള ഏറ്റവും നല്ല നിർവചനം "ആജ്ഞകൾ നൽകുവാനും, തീരുമാനങ്ങൾ എടുക്കുവാനും, അനുസരിപ്പിക്കുവാനുമുള്ള ശക്തിയും അവകാശവുമാണ്, അത് പലപ്പോഴും അധികാരത്തിന്റെയോ വൈദഗ്ധ്യത്തിന്റെയോ സ്ഥാനത്തുനിന്ന് വരുന്നു."

B. വേദപുസ്തകത്തിൽ, *അധികാരം* എന്നത് "അധികാരം പ്രയോഗിക്കാനുള്ള ധാർമ്മിക അവകാശമാണ്, അത് ആത്യന്തികമായി ദൈവത്തിൽനിന്ന് രൂപംകൊള്ളുകയും ഉത്ഭവിക്കുകയും ചെയ്യുന്നു."

**II. ദൈവമാണ് പരമോന്നത അധികാരം; അവന് സകല അധികാരവുമുണ്ട്—റോമ. 9:21-22:**

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

റോമ. 9:22 ദൈവമോ, തന്റെ ക്രോധം പ്രകടിപ്പിക്കുവാനും തന്റെ ശക്തി അറിയിക്കുവാനും ഇച്ഛിച്ചുകൊണ്ട്, നാശത്തിന് യുക്തമായ ക്രോധപാത്രങ്ങളെ അധികം ദീർഘക്ഷമയോടെ സഹിച്ച്,

A. ദൈവത്തിന്റെ അധികാരം ദൈവത്തെത്തന്നെ പ്രതിനിധീകരിക്കുന്നു; ദൈവത്തിന്റെ ശക്തി ദൈവത്തിന്റെ പ്രവൃത്തികളെ മാത്രമേ പ്രതിനിധീകരിക്കുന്നുള്ളൂ—മത്താ. 21:24; ലൂക്കൊ. 5:24.

മത്താ. 21:24 യേശു അവരോട് ഉത്തരം പറഞ്ഞു, ഞാനും നിങ്ങളോട് ഒരു കാര്യം ചോദിക്കാം, അതു നിങ്ങൾ എന്നോടു പറയുമെങ്കിൽ, എന്ത് അധികാരത്താൽ ഇവ ചെയ്യുന്നു എന്നു ഞാനും നിങ്ങളോടു പറയും.

ലൂക്കൊ. 5:24 എന്നാൽ ഭൂമിയിൽ മനുഷ്യപുത്രനു പാപങ്ങൾ ക്ഷമിക്കുവാൻ അധികാരം ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്—അവൻ പക്ഷവാതം പിടിച്ചവനോട്, നിന്നോടു ഞാൻ പറയുന്നു, എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തുകൊണ്ട് നിന്റെ ഭവനത്തിലേക്കു പോകുക എന്നു പറഞ്ഞു.

B. ദൈവത്തിന്റെ അധികാരം വാസ്തവത്തിൽ ദൈവം തന്നെയാണ്; അധികാരം ദൈവത്തിന്റെ സ്വന്തം ആളത്തത്തിൽനിന്ന് പുറപ്പെടുന്നു—വെളി. 22:1.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

C. സകല അധികാരവും—ആത്മികവും, സ്ഥാനപരവും, ഭരണകൂടപരവും—ദൈവത്തിൽ നിന്നാണ് വരുന്നത്—2 കൊരി. 10:8; 13:10; യോഹ. 19:10-11; ഉല്പ. 9:6.

2 കൊരി. 10:8 നിങ്ങളെ മറിച്ചിടുവാനല്ല നിങ്ങളെ കെട്ടുപണി ചെയ്യുവാനായി കർത്താവ് നൽകിയിരിക്കുന്ന ഞങ്ങളുടെ അധികാരത്തെക്കുറിച്ച് അത്യധികം പ്രശംസിച്ചാൽ കൂടി, ഞാൻ ലജ്ജിച്ചുപോകുകയില്ല.

2 കൊരി. 13:10 മറിച്ചിടുവാനല്ല കെട്ടുപണി ചെയ്യുവാൻ കർത്താവ് എനിക്ക് നൽകിയിരിക്കുന്ന അധികാരത്തിനൊത്തവണ്ണം, കൂടെയുള്ളപ്പോൾ കർക്കശത പ്രയോഗിക്കാതിരിക്കേണ്ടതിനാകുന്നു, അകലെയായിരിക്കുമ്പോൾ ഞാൻ ഈ കാര്യങ്ങൾ എഴുതുന്നു.

യോഹ. 19:10 അതുകൊണ്ട് പീലാത്തൊസ് അവനോട്, നീ എന്നോട് സംസാരിക്കുന്നില്ലയോ? എനിക്കു നിന്നെ വിട്ടയയ്ക്കുവാൻ അധികാരമുണ്ട്, നിന്നെ ക്രൂശിക്കുവാനും അധികാരമുണ്ട് എന്നു നീ അറിയുന്നുവോ? എന്നു ചോദിച്ചു.

യോഹ. 19:11 യേശു അവനോട്, മുകളിൽനിന്ന് നൽകിയിട്ടല്ലാതെ എനിക്കെതിരെ നിനക്ക് ഒരു അധികാരവും ഉണ്ടാകുകയില്ല; ഇക്കാരണത്താൽ എന്നെ നിനക്ക് ഏൽപ്പിച്ചവന് അധികം പാപമുണ്ട്.

ഉല്പ. 9:6 ആരെങ്കിലും മനുഷ്യന്റെ രക്തം ചൊരിയിച്ചാൽ അവന്റെ രക്തം മനുഷ്യൻ ചൊരിയിക്കും; ദൈവത്തിന്റെ സ്വരൂപത്തിലല്ലോ മനുഷ്യനെ ഉണ്ടാക്കിയതു.

D. നാം ദൈവത്തിന്റെ അധികാരത്തെ സ്പർശിക്കുമ്പോൾ, നാം ദൈവത്തെത്തന്നെ സ്പർശിക്കുന്നു—യെശ. 6:1-5:

യെശ. 6:1 ഉസ്സീയാരാജാവു മരിച്ച ആണ്ടിൽ കർത്താവു, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു.

യെശ. 6:2 സാറാഫുകൾ അവന്നു ചുറ്റും നിന്നു; ഓരോരുത്തന്നു ആറാറു ചിറകുണ്ടായിരുന്നു; രണ്ടുകൊണ്ടു അവർ മൂഖം മൂടി; രണ്ടുകൊണ്ടു കാൽ മൂടി; രണ്ടുകൊണ്ടു പറന്നു.

യെശ. 6:3 ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു.

യെശ. 6:4 അവർ ആർക്കുന്ന ശബ്ദത്താൽ ഉമ്മരപ്പടികളുടെ അടിസ്ഥാനങ്ങൾ കുലുങ്ങി ആലയം പുകകൊണ്ടു നിറഞ്ഞു.

യെശ. 6:5 അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു.

1. ദൈവത്തിന്റെ അധികാരത്തെ കണ്ടുമുട്ടുന്നത് ദൈവത്തെ കണ്ടുമുട്ടുന്നതിന് തുല്യമാണ്—ആമോ. 4:12.

   ആമോ. 4:12 അതുകൊണ്ടു യിസ്രായേലേ, ഞാൻ ഇങ്ങനെ നിന്നോടു ചെയ്യും; യിസ്രായേലേ, ഞാൻ ഇതു നിന്നോടു ചെയ്‌വാൻ പോകുന്നതുകൊണ്ടു നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊൾക.

2. ദൈവത്തിന്റെ അധികാരത്തെ വ്രണപ്പെടുത്തുന്നത് ദൈവത്തെത്തന്നെ വ്രണപ്പെടുത്തുന്നതിന് തുല്യമാണ്.

E. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ, ആധികാരത്തെ സ്പർശിക്കുന്നതിനെക്കാൾ പ്രാധാനമായ മറ്റൊന്നുമില്ല—പ്രവൃ. 9:5; മത്താ. 11:25.

പ്രവൃ. 9:5 നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.

മത്താ. 11:25 ആ സമയത്തു യേശു ഉത്തരം പറഞ്ഞു, പിതാവേ, സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവേ, നീ ഈ കാര്യങ്ങളെ ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും മറച്ചുവച്ചു ശിശുക്കൾക്ക് അവയെ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ നിന്നെ പുകഴ്ത്തുന്നു.

F. അധികാരത്തെ അറിയുന്നത് ബാഹ്യമായ ഒരു പഠിപ്പിക്കലല്ല, ആന്തരികമായ ഒരു വെളിപാടാണ്—പ്രവൃ. 22:6-16.

പ്രവൃ. 22:6 ഞാൻ യാത്രചെയ്ത് ദമസ്കൊസിനോട് അടുത്തപ്പോൾ ഏകദേശം നട്ടുച്ചയ്ക്ക്, പെട്ടെന്ന് സ്വർഗത്തിൽനിന്ന് വലിയൊരു വെളിച്ചം എനിക്കു ചുറ്റും മിന്നി;

പ്രവൃ. 22:7 ഞാൻ നിലത്തു വീഴുകയും, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്? എന്നു എന്നോടു പറയുന്ന ഒരു ശബ്ദം കേൾക്കുകയും ചെയ്തു.

പ്രവൃ. 22:8 നീ ആരാകുന്നു കർത്താവേ? എന്ന് ഞാൻ ഉത്തരം നൽകി. നീ ഉപദ്രവിക്കുന്ന നസറായനായ യേശു ആകുന്നു ഞാൻ എന്ന് അവൻ എന്നോടു പറഞ്ഞു.

പ്രവൃ. 22:9 എന്നോടുകൂടെ ഉണ്ടായിരുന്നവർ വെളിച്ചം കണ്ടുവെങ്കിലും എന്നോടു സംസാരിക്കുന്നവന്റെ ശബ്ദം കേട്ടില്ല.

പ്രവൃ. 22:10 കർത്താവേ ഞാൻ എന്തു ചെയ്യേണം? എന്നു ഞാൻ ചോദിച്ചു. കർത്താവ് എന്നോട്, എഴുന്നേറ്റ് ദമസ്കൊസിലേക്കു പോകുക, നിനക്കു ചെയ്യുവാൻ നിയമിച്ചിരിക്കുന്ന സകല കാര്യങ്ങളേയും സംബന്ധിച്ച് അവിടെ നിന്നോടു പറയും എന്നു പറഞ്ഞു.

| | |
|---|---|
| പ്രവൃ. 22:11 | ആ വെളിച്ചത്തിന്റെ തേജസ്സ് നിമിത്തം എനിക്കു കാണുവാൻ കഴിയാത്തതിനാൽ, എന്നോടുകൂടെ ഉണ്ടായിരുന്നവരുടെ കയ്യാൽ ഞാൻ നയിക്കപ്പെട്ട് ദമസ്കൊസിലേക്കു വന്നു. |
| പ്രവൃ. 22:12 | അവിടെ വസിക്കുന്ന സകല യെഹൂദന്മാരാലും നല്ല സാക്ഷ്യമുള്ള, ന്യായപ്രമാണപ്രകാരം ഭക്തനായ, അനന്യാസ് എന്നു പേരുള്ള ഒരു മനുഷ്യൻ, |
| പ്രവൃ. 22:13 | എന്റെ അടുക്കൽ വന്നു നിന്നിട്ട് എന്നോട്, ശൗലേ, സഹോദരാ, നിന്റെ കാഴ്ച പ്രാപിക്കുക! എന്നു പറഞ്ഞു. ആ നാഴികയിൽത്തന്നെ ഞാൻ അവനെ മുഖമുയർത്തി നോക്കി. |
| പ്രവൃ. 22:14 | അവൻ എന്നോട്, നമ്മുടെ പിതാക്കന്മാരുടെ ദൈവം നിന്നെ തന്റെ ഹിതം അറിയുവാനും നീതിമാനായവനെ കാണുവാനും അവന്റെ വായിൽ നിന്നു വരുന്ന ശബ്ദം കേൾക്കുവാനും മുമ്പേ നിയമിച്ചിരിക്കുന്നു. |
| പ്രവൃ. 22:15 | നീ കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്ന കാര്യങ്ങൾക്ക്, സകല മനുഷ്യർക്കും നീ അവന് ഒരു സാക്ഷിയാകും. |
| പ്രവൃ. 22:16 | ഇനി വൈകുന്നതെന്ത്? എഴുന്നേറ്റ് അവന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് സ്നാനപ്പെടുകയും നിന്റെ പാപങ്ങൾ കഴുകിക്കളയുകയും ചെയ്യുക. |

G. ദൈവം മാത്രമാണ് മനുഷ്യന് നേരിട്ടുള്ള അധികാരം; മറ്റെല്ലാ അധികാരങ്ങളും പരോക്ഷ അധികാരങ്ങളാണ്—ദൈവം നിയമിച്ച നിയുക്ത അധികാരങ്ങൾ, ഉപ അധികാരങ്ങളാണ്—ദാനീ. 4:32, 34-37:

| | |
|---|---|
| ദാനീ. 4:32 | നിന്നെ മനുഷ്യരുടെ ഇടയിൽനിന്നു നീക്കിക്കളയും; നിന്റെ പാർപ്പു കാട്ടിലെ മൃഗങ്ങളോടുകൂടെ ആയിരിക്കും; നിന്നെ കാളയെപ്പോലെ പുല്ലു തീറ്റും; അത്യുന്നതനായവൻ മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും അതിനെ തനിക്കു ബോധിച്ചവന്നു കൊടുക്കയും ചെയ്യുന്നു എന്നു നീ അറിയുന്നതുവരെ നിനക്കു ഏഴു കാലം കഴിയും. |
| ദാനീ. 4:34 | ആ കാലം കഴിഞ്ഞിട്ടു നെബൂഖദുനേസർ എന്ന ഞാൻ സ്വർഗ്ഗത്തേക്കു കണ്ണുയർത്തി എന്റെ ബുദ്ധിയും എനിക്കു മടങ്ങിവന്നു; ഞാൻ അത്യുന്നതനായവനെ വാഴ്ത്തി, എന്നേക്കും ജീവിച്ചിരിക്കുന്നവനെ സ്മരിച്ചു ബഹുമാനിക്കയും ചെയ്തു; അവന്റെ ആധിപത്യം എന്നേക്കുമുള്ള ആധിപത്യവും അവന്റെ രാജത്വം തലമുറതലമുറയായുള്ളതും അല്ലോ. |
| ദാനീ. 4:35 | അവൻ സർവ്വഭൂവാസികളെയും നാസ്തിയായി എണ്ണുന്നു; സ്വർഗ്ഗീയസൈന്യത്തോടും ഭൂവാസികളോടും ഇഷ്ടംപോലെ പ്രവർത്തിക്കുന്നു; അവന്റെ കൈ തടുപ്പാനോ നീ എന്തു ചെയ്യുന്നു എന്നു അവനോടു ചോദിപ്പാനോ ആർക്കും കഴികയില്ല. |
| ദാനീ. 4:36 | ആ നേരത്തു തന്നേ എന്റെ ബുദ്ധി മടങ്ങിവന്നു; എന്റെ രാജത്വത്തിന്റെ മഹത്വത്തിന്നായി എന്റെ മഹിമയും മുഖപ്രകാശവും മടങ്ങിവന്നു; എന്റെ മന്ത്രിമാരും മഹത്തുക്കളും എന്നെ അന്വേഷിച്ചു; ഞാൻ എന്റെ രാജത്വത്തിൽ യഥാസ്ഥാനപ്പെട്ടു, ശ്രേഷ്ഠമഹത്വം എനിക്കു അധികമായി സിദ്ധിച്ചു. |
| ദാനീ. 4:37 | ഇപ്പോൾ നെബൂഖദുനേസർ എന്ന ഞാൻ സ്വർഗ്ഗസ്ഥനായ രാജാവിനെ സ്തുതിച്ചു പുകഴ്ത്തി ബഹുമാനിക്കുന്നു; അവന്റെ പ്രവൃത്തികൾ ഒക്കെയും സത്യവും അവന്റെ വഴികൾ ന്യായവും ആകുന്നു; നിഗളിച്ചുനടക്കുന്നവരെ താഴ്ത്തുവാനും അവൻ പ്രാപ്തൻ തന്നേ. |

1. ദൈവത്തിന്റെ അധികാരത്തെ നാം കണ്ടുമുട്ടുമ്പോൾ മാത്രമേ നമുക്ക് ദൈവം നിയമിക്കുന്ന നിയുക്ത അധികാരങ്ങൾക്ക് കീഴ്പെടുവാൻ കഴിയകയുള്ളൂ—മത്താ. 28:18; എബ്രാ. 13:17; 1 പത്രൊ. 5:5.

| | |
|---|---|
| മത്താ. 28:18 | യേശുവോ വന്ന് അവരോടു പറഞ്ഞത്, സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. |
| എബ്രാ. 13:17 | നിങ്ങളെ നയിക്കുന്നവരെ അനുസരിക്കുകയും അവർക്കു കീഴ്പ്പെടുകയും ചെയ്യുവിൻ, അവർ കണക്കു ബോധിപ്പിക്കേണ്ടവരെന്ന നിലയിൽ നിങ്ങളുടെ ദേഹികളിന്മേൽ ജാഗരിക്കുന്നു, അത് അവർ ഞരക്കത്തോടെയല്ല സന്തോഷത്തോടെ ചെയ്യേണ്ടതിന് ഇടയാക്കുവിൻ; അല്ലാഞ്ഞാൽ അത് നിങ്ങൾക്കു പ്രയോജനകരമാകില്ല. |
| 1 പത്രൊ. 5:5 | അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു. |

2. ദൈവം ആവശ്യപ്പെടുന്നത് നാം അവനു മാത്രമല്ല, എല്ലാ നിയുക്ത അധികാരങ്ങൾക്കും കീഴ്പെടണമെന്നാണ്—റോമ. 13:1-7; 2 കൊരി. 10:8; 13:10; എബ്രാ. 13:17.

| | |
|---|---|
| റോമ. 13:1 | ഏത് വ്യക്തിയും തനിക്ക് മേലുള്ള അധികാരികൾക്ക് കീഴ്പ്പെട്ടിരിക്കട്ടെ, എന്തെന്നാൽ ദൈവത്തിൽനിന്നല്ലാതെ ഒരു അധികാരിയും ഇല്ല, ഉള്ളവരോ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാകുന്നു. |
| റോമ. 13:2 | അതിനാൽ അധികാരിയെ ചെറുക്കുന്നവൻ ദൈവനിയോഗത്തെ എതിർക്കുന്നു, എതിർക്കുന്നവർ തങ്ങൾക്കുതന്നെ ന്യായവിധി വരുത്തും. |
| റോമ. 13:3 | ഭരണാധികാരികൾ സൽപ്രവൃത്തിക്കല്ല, ദുഷ്പ്രവൃത്തിക്കത്രേ ഭീതിയാകുന്നത്. നീ അധികാരിയെ ഭയപ്പെടാതിരിക്കുവാൻ ഇച്ഛിക്കുന്നുവോ? നന്മയായത് ചെയ്യുക, നിനക്ക് അവനിൽനിന്ന് പ്രശംസ ഉണ്ടാകും; |
| റോമ. 13:4 | അവൻ നിനക്ക് നന്മയ്ക്കായുള്ള ദൈവത്തിന്റെ സേവകൻ ആകുന്നു. എന്നാൽ നീ തിന്മയായത് ചെയ്യുന്നു എങ്കിൽ, ഭയപ്പെടുക; അവൻ വ്യർഥമായല്ല വാൾ വഹിക്കുന്നത്; അവൻ, തിന്മ പ്രവർത്തിക്കുന്നവനോട് ക്രോധത്തിനായി പ്രതികാരം ചെയ്യുന്ന, ദൈവത്തിന്റെ സേവകൻ ആകുന്നു. |
| റോമ. 13:5 | അതുകൊണ്ട് ക്രോധം നിമിത്തം മാത്രമല്ല, മനസ്സാക്ഷി നിമിത്തവും കീഴ്പ്പെടുന്നത് അനിവാര്യമാകുന്നു. |
| റോമ. 13:6 | ഇത് നിമിത്തം നിങ്ങൾ നികുതികൾ അടയ്ക്കുന്നു; അവർ ഈ കാര്യം തന്നെ നിരന്തരം ശ്രദ്ധിക്കുന്ന ദൈവത്തിന്റെ ഉദ്യോഗസ്ഥരല്ലോ. |
| റോമ. 13:7 | കടമായത് എല്ലാവർക്കും മടക്കിക്കൊടുക്കുവിൻ: നികുതി കൊടുക്കേണ്ടവന് നികുതി, ചുങ്കം കൊടുക്കേണ്ടവന് ചുങ്കം, ഭയം കൊടുക്കേണ്ടവന് ഭയം, ബഹുമാനം കൊടുക്കേണ്ടവന് ബഹുമാനം. |
| 2 കൊരി. 10:8 | നിങ്ങളെ മറിച്ചിടുവാനല്ല നിങ്ങളെ കെട്ടുപണി ചെയ്യുവാനായി കർത്താവ് നൽകിയിരിക്കുന്ന ഞങ്ങളുടെ അധികാരത്തെക്കുറിച്ച് അത്യധികം പ്രശംസിച്ചാൽ കൂടി, ഞാൻ ലജ്ജിച്ചുപോകുകയില്ല. |
| 2 കൊരി. 13:10 | മറിച്ചിടുവാനല്ല കെട്ടുപണി ചെയ്യുവാൻ കർത്താവ് എനിക്ക് നൽകിയിരിക്കുന്ന അധികാരത്തിനൊത്തവണ്ണം, |

കൂടെയുള്ളപ്പോൾ കർക്കശത പ്രയോഗിക്കാതിരിക്കേണ്ടതിനാകുന്നു, അകലെയായിരിക്കുമ്പോൾ ഞാൻ ഈ കാര്യങ്ങൾ എഴുതുന്നു.

എബ്രാ. 13:17 നിങ്ങളെ നയിക്കുന്നവരെ അനുസരിക്കുകയും അവർക്കു കീഴ്പ്പെടുകയും ചെയ്യുവിൻ, അവർ കണക്കു ബോധിപ്പിക്കേണ്ടവരെന്ന നിലയിൽ നിങ്ങളുടെ ദേഹികളിന്മേൽ ജാഗരിക്കുന്നു, അത് അവർ ഞരക്കത്തോടെയല്ല സന്തോഷത്തോടെ ചെയ്യേണ്ടതിന് ഇടയാക്കുവിൻ; അല്ലാഞ്ഞാൽ അത് നിങ്ങൾക്കു പ്രയോജനകരമാകില്ല.

3. ദൈവത്തിന്റെ പരോക്ഷ അധികാരത്തിന് കീഴ്പെടാത്തവർക്ക് ദൈവത്തിന്റെ നേരിട്ടുള്ള അധികാരത്തിന് കീഴ്പെടുവാൻ കഴിയുകയില്ല.
4. നമുക്ക് ആത്മിക സഹായം ലഭിക്കേണ്ടതിന്, നാം പരോക്ഷമായ അധികാരത്തിന്—നിയുക്ത അധികാരങ്ങൾക്ക്—കീഴ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു.

H. നാമെല്ലാവരും അധികാരത്തെ കണ്ടുമുട്ടുകയും, ദൈവത്താൽ നിയന്ത്രിക്കപ്പെടുകയും, അവന്റെ നിയുക്ത അധികാരത്താൽ നയിക്കപ്പെടുകയും വേണം—യെശ. 37:16; ഫിലി. 2:12; എബ്രാ. 13:17.

യെശ. 37:16 യിസ്രായേലിന്റെ ദൈവമായി കെരൂബുകളുടെ മീതെ അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവേ, നീ ഒരുത്തൻ മാത്രം ഭൂമിയിലെ സർവ്വരാജ്യങ്ങൾക്കും ദൈവമാകുന്നു; നീ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി.

ഫിലി. 2:12 അതിനാൽ എന്റെ പ്രിയരേ, നിങ്ങൾ എപ്പോഴും അനുസരിച്ചതുപോലെ, എന്റെ സാന്നിധ്യത്തിൽ മാത്രമല്ല അതിലുപരി ഇപ്പോൾ എന്റെ അസാന്നിധ്യത്തിലും, ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയെ പുറപ്പെടുവിക്കുവിൻ.

എബ്രാ. 13:17 നിങ്ങളെ നയിക്കുന്നവരെ അനുസരിക്കുകയും അവർക്കു കീഴ്പ്പെടുകയും ചെയ്യുവിൻ, അവർ കണക്കു ബോധിപ്പിക്കേണ്ടവരെന്ന നിലയിൽ നിങ്ങളുടെ ദേഹികളിന്മേൽ ജാഗരിക്കുന്നു, അത് അവർ ഞരക്കത്തോടെയല്ല സന്തോഷത്തോടെ ചെയ്യേണ്ടതിന് ഇടയാക്കുവിൻ; അല്ലാഞ്ഞാൽ അത് നിങ്ങൾക്കു പ്രയോജനകരമാകില്ല.

**III. പ്രപഞ്ചത്തിൽ രണ്ട് മഹത്തായ തത്ത്വങ്ങളുണ്ട്—ദൈവത്തിന്റെ അധികാരവും സാത്താന്റെ മത്സരവും; ദൈവവും സാത്താനും തമ്മിലുള്ള നിസ്തുലമായ തർക്കം അധികാരത്തെച്ചൊല്ലിയാണ്—പ്രവൃ. 26:18; കൊലൊ. 1:13:**

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

കൊലൊ. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

A. മത്സരം എന്നത് ദൈവത്തിന്റെ അധികാരത്തെ നിഷേധിക്കുന്നതും ദൈവത്തിന്റെ ഭരണത്തെ നിരസിക്കുന്നതുമാണ്:

1. സാത്താൻ ആദ്യം ദൈവം സൃഷ്ടിച്ച ഒരു പ്രധാന ദൂതനായിരുന്നു, എന്നാൽ അവന്റെ നിഗളം നിമിത്തം അവൻ തന്നെത്താൻ ഉയർത്തുകയും, ദൈവത്തിന്റെ സർവാധികാരം ലംഘിക്കുകയും, ദൈവത്തിനെതിരെ മത്സരിക്കുകയും, ദൈവത്തിന്റെ എതിരാളിയായിത്തീരുകയും, തന്റെ സ്വന്തം രാജ്യം സ്ഥാപിക്കുകയും ചെയ്തു—യെശ. 14:12-14; യെഹെ. 28:2-19; മത്താ. 12:26.

| | |
|---|---|
| യെശ. 14:12 | അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! |
| യെശ. 14:13 | "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അത്യന്തത്തിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; |
| യെശ. 14:14 | ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു. |
| യെഹെ. 28:2 | മനുഷ്യപുത്രാ, നീ സോർപ്രഭുവിനോടു പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: നിന്റെ ഹൃദയം നിഗളിച്ചുപോയി; നീ ദൈവമല്ല, മനുഷ്യൻ മാത്രമായിരിക്കെ: ഞാൻ ദൈവമാകുന്നു; ഞാൻ സമുദ്രമദ്ധ്യേ ദൈവാസനത്തിൽ ഇരിക്കുന്നു എന്നു പറഞ്ഞു. |
| യെഹെ. 28:3 | നീ ദൈവഭാവം നടിച്ചതുകൊണ്ടു -നീ ദാനീയേലിലും ജ്ഞാനിയല്ലോ; നീ അറിയാതവണ്ണം മറെച്ചുവെക്കാകുന്ന ഒരു രഹസ്യവുമില്ല; |
| യെഹെ. 28:4 | നിന്റെ ജ്ഞാനംകൊണ്ടും വിവേകംകൊണ്ടും നീ ധനം സമ്പാദിച്ചു പൊന്നും വെള്ളിയും നിന്റെ ഭണ്ഡാരത്തിൽ സംഗ്രഹിച്ചുവെച്ചു; |
| യെഹെ. 28:5 | നീ മഹാ ജ്ഞാനംകൊണ്ടു കച്ചവടത്താൽ ധനം വർദ്ധിപ്പിച്ചു; നിന്റെ ഹൃദയം ധനംനിമിത്തം ഗർവ്വിച്ചുമിരിക്കുന്നു - |
| യെഹെ. 28:6 | അതുകൊണ്ടു തന്നേ യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: |
| യെഹെ. 28:7 | നീ ദൈവഭാവം നടിക്കയാൽ ഞാൻ ജാതികളിൽ ഉഗ്രന്മാരായ അന്യജാതിക്കാരെ നിന്റെ നേരെ വരുത്തും; അവർ നിന്റെ ജ്ഞാനശോഭയുടെ നേരെ വാളൂരി നിന്റെ പ്രഭയെ അശുദ്ധമാക്കും. |
| യെഹെ. 28:8 | അവർ നിന്നെ കുഴിയിൽ ഇറങ്ങുമാറാക്കും; നീ സമുദ്രമദ്ധ്യേ നിഹതന്മാരെപ്പോലെ മരിക്കും. |
| യെഹെ. 28:9 | നിന്നെ കുത്തിക്കൊല്ലുന്നവന്റെ കയ്യിൽ നീ ദൈവമല്ല, മനുഷ്യൻ മാത്രം ആയിരിക്കെ, നിന്നെ കൊല്ലുന്നവന്റെ മുമ്പിൽ: ഞാൻ ദൈവം എന്നു നീ പറയുമോ? |
| യെഹെ. 28:10 | അന്യജാതിക്കാരുടെ കയ്യാൽ നീ അഗ്രചർമ്മികളെപ്പോലെ മരിക്കും; ഞാൻ അതു കല്പിച്ചിരിക്കുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു. |
| യെഹെ. 28:11 | യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ: |
| യെഹെ. 28:12 | മനുഷ്യപുത്രാ, നീ സോർരാജാവിനെക്കുറിച്ചു ഒരു വിലാപം തുടങ്ങി അവനോടു പറയേണ്ടതു: യഹോവയായ കർത്താവു |

ഇപ്രകാരം അരുളിച്ചെയ്യുന്നു! നീ മാതൃകാ മുദ്രയാകുന്നു; നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും തന്നേ.

യെഹെ. 28:13 നീ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു; താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം, നീലക്കല്ലു, മാണിക്യം, മരതകം മുതലായ സകലരത്നങ്ങളും നിന്നെ മൂടിയിരുന്നു; നിന്നെ തീർത്തനാളിൽ നിന്നിൽ ഉള്ള തടങ്ങളുടെയും കൂടുകളുടെയും പണി പൊന്നുകൊണ്ടുള്ളതായിരുന്നു.

യെഹെ. 28:14 നീ ചിറകു വിടർത്തു മറെക്കുന്ന കെരൂബ് ആകുന്നു; ഞാൻ നിന്നെ വിശുദ്ധദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു; നീ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചുപോന്നു.

യെഹെ. 28:15 നിന്നെ സൃഷ്ടിച്ച നാൾമുതൽ നിങ്കൽ നീതികേടു കണ്ടതുവരെ നീ നടപ്പിൽ നഷ്കളങ്കനായിരുന്നു.

യെഹെ. 28:16 നിന്റെ വ്യാപാരത്തിന്റെ പെരുപ്പംനിമിത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ടു നിറഞ്ഞു നീ പാപം ചെയ്തു; അതുകൊണ്ടു ഞാൻ നിന്നെ അശുദ്ധൻ എന്നു എണ്ണി ദേവപർവ്വതത്തിൽനിന്നു തള്ളിക്കളഞ്ഞു; മറെക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേനിന്നു മുടിച്ചുകളഞ്ഞു.

യെഹെ. 28:17 നിന്റെ സൗന്ദര്യംനിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു, നിന്റെ പ്രഭനിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി; ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു, രാജാക്കന്മാർ നിന്നെ കണ്ടു രസിക്കത്തക്കവണ്ണം നിന്നെ അവരുടെ മുമ്പിൽ ഇട്ടുകളഞ്ഞു.

യെഹെ. 28:18 നിന്റെ അകൃത്യബാഹുല്യംകൊണ്ടും നിന്റെ വ്യാപാരത്തിന്റെ നീതികേടുകൊണ്ടും നീ നിന്റെ വിശുദ്ധമന്ദിരങ്ങളെ അശുദ്ധമാക്കി; അതുകൊണ്ടു ഞാൻ നിന്റെ നടുവിൽനിന്നു ഒരു തീ പുറപ്പെടുവിക്കും; അതു നിന്നെ ദഹിപ്പിച്ചുകളയും; നിന്നെ കാണുന്ന ഏവരുടെയും മുമ്പിൽ ഞാൻ നിന്നെ നിലത്തു ഭസ്മമാക്കിക്കളയും.

യെഹെ. 28:19 ജാതികളിൽ നിന്നെ അറിയുന്നവരെല്ലാവരും നിന്നെ കണ്ടു സ്തംഭിച്ചുപോകും; നിനക്കു ശിഘ്രനാശം ഭവിച്ചിട്ടു നീ സദാകാലത്തേക്കും ഇല്ലാതെയാകും.

മത്താ. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?

2. മനുഷ്യൻ പാപം ചെയ്തപ്പോൾ, അവൻ ദൈവത്തിനെതിരെ മത്സരിക്കുകയും, ദൈവത്തിന്റെ അധികാരം നിഷേധിക്കുകയും, ദൈവത്തിന്റെ ഭരണം തിരസ്കരിക്കുകയും ചെയ്തു; ഭൂമിയിൽനിന്ന് ദൈവത്തിന്റെ അധികാരം ഇല്ലാതാക്കുവാൻ ബാബേലിൽ മനുഷ്യർ കൂട്ടമായി ദൈവത്തിനെതിരെ മത്സരിച്ചു—ഉല്പ. 3:1-6; 11:1-9.

ഉല്പ. 3:1 യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പു കൗശലമേറിയതായിരുന്നു. അതു സ്ത്രീയോടു: തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു.

ഉല്പ. 3:2 സ്ത്രീ പാമ്പിനോടു: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം;

ഉല്പ. 3:3 എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന്നു തോട്ടത്തിന്റെ

| | |
|---|---|
| | നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുതു, തൊടുകയും അരുതു എന്നു ദൈവം കല്പിച്ചിട്ടുണ്ടു എന്നു പറഞ്ഞു. |
| ഉല്പ. 3:4 | പാമ്പു സ്ത്രീയോടു: നിങ്ങൾ മരിക്കയില്ല നിശ്ചയം; |
| ഉല്പ. 3:5 | അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു. |
| ഉല്പ. 3:6 | ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു ഭർത്താവിന്നും കൊടുത്തു; അവനും തിന്നു. |
| ഉല്പ. 11:1 | ഭൂമിയിൽ ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു. |
| ഉല്പ. 11:2 | എന്നാൽ അവർ കിഴക്കോട്ടു യാത്ര ചെയ്തു, ശിനാർദേശത്തു ഒരു സമഭൂമി കണ്ടു അവിടെ കുടിയിരുന്നു. |
| ഉല്പ. 11:3 | അവർ തമ്മിൽ: വരുവിൻ, നാം ഇഷ്ടക അറുത്തു ചുടുക എന്നു പറഞ്ഞു. അങ്ങനെ അവർ ഇഷ്ടക കല്ലായും പശമണ്ണു കുമ്മായമായും ഉപയോഗിച്ചു. |
| ഉല്പ. 11:4 | വരുവിൻ, നാം ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിപ്പാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക; നമുക്കു ഒരു പേരുമുണ്ടാക്കുക എന്നു അവർ പറഞ്ഞു. |
| ഉല്പ. 11:5 | മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിന്നു യഹോവ ഇറങ്ങിവന്നു. |
| ഉല്പ. 11:6 | അപ്പോൾ യഹോവ: ഇതാ, ജനം ഒന്നു, അവർക്കെല്ലാവർക്കും ഭാഷയും ഒന്നു; ഇതും അവർ ചെയ്തു തുടങ്ങുന്നു; അവർ ചെയ്‌വാൻ നിരൂപിക്കുന്നതൊന്നും അവർക്കു അസാദ്ധ്യമാകയില്ല. |
| ഉല്പ. 11:7 | വരുവിൻ; നാം ഇറങ്ങിച്ചെന്നു, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക എന്നു അരുളിച്ചെയ്തു. |
| ഉല്പ. 11:8 | അങ്ങനെ യഹോവ അവരെ അവിടെനിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചു; അവർ പട്ടണം പണിയുന്നതു വിട്ടുകളഞ്ഞു. |
| ഉല്പ. 11:9 | സർവ്വഭൂമിയിലെയും ഭാഷ യഹോവ അവിടെവെച്ചു കലക്കിക്കളകയാൽ അതിന്നു ബാബേൽ എന്നു പേരായി; യഹോവ അവരെ അവിടെനിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചുകളഞ്ഞു. |

B. സാത്താൻ ദൈവത്തിന്റെ അധികാരത്തിനെതിരെ മത്സരിക്കുകയും, മനുഷ്യൻ ദൈവത്തിനെതിരെ മത്സരിച്ചുകൊണ്ട് അവന്റെ അധികാരം ലംഘിക്കുകയും ചെയ്തെങ്കിലും, ദൈവം ഈ മത്സരം തുടരാൻ അനുവദിക്കില്ല; അവൻ ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കും—വെളി. 11:15.

| | |
|---|---|
| വെളി. 11:15 | പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി. |

C. പ്രപഞ്ചത്തിലെ തർക്കത്തിന്റെ കേന്ദ്രം ആർക്കാണ് അധികാരമുള്ളത് എന്നതിനോട് ബന്ധപ്പെട്ടിരിക്കുന്നു—4:2-3:

| | |
|---|---|
| വെളി. 4:2 | ഉടനെ ഞാൻ ആത്മാവിലായി; ഇതാ, സ്വർഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നു, സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു; |

| | |
|---|---|
| വെളി. 4:3 | ഇരിക്കുന്നവൻ കാഴ്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു. |

1. അധികാരം ദൈവത്തിനാണെന്ന് സമർഥിച്ചുകൊണ്ട് നാം സാത്താനോട് പോരാടണം—പ്രവൃ. 17:24, 30.

| | |
|---|---|
| പ്രവൃ. 17:24 | ലോകവും അതിലുള്ള സകലവും നിർമിച്ച ദൈവം, സ്വർഗത്തിനും ഭൂമിക്കും കർത്താവ് ആയിരിക്കുന്നതിനാൽ, കൈകളാൽ നിർമിച്ച ആലയങ്ങളിൽ വസിക്കുന്നില്ല; |
| പ്രവൃ. 17:30 | അതുകൊണ്ട് അജ്ഞതയുടെ കാലങ്ങളെ അവഗണിച്ചിട്ട്, ദൈവം ഇപ്പോൾ എല്ലായിടത്തുമുള്ള എല്ലാ മനുഷ്യരോടും മാനസാന്തരപ്പെടുവാൻ ആജ്ഞാപിക്കുന്നു, |

2. ദൈവത്തിന്റെ അധികാരത്തിന് കീഴ്പെടുവാനും ദൈവത്തിന്റെ അധികാരം ഉയർത്തിപ്പിടിക്കുവാനും നാം നമ്മെത്തന്നെ സജ്ജമാക്കണം—മത്താ. 11:25.

| | |
|---|---|
| മത്താ. 11:25 | ആ സമയത്തു യേശു ഉത്തരം പറഞ്ഞു, പിതാവേ, സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവേ, നീ ഈ കാര്യങ്ങളെ ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും മറച്ചുവച്ചു ശിശുക്കൾക്ക് അവയെ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ നിന്നെ പുകഴ്ത്തുന്നു. |

D. മത്സരം എന്ന പാപം മറ്റേതൊരു പാപത്തേക്കാളും ഗൗരവമേറിയതാണ്—1 ശമൂ. 15:23.

| | |
|---|---|
| 1 ശമൂ. 15:23 | മത്സരം ആഭിചാരദോഷംപോലെയും ശാഠ്യം മിഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു; നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ടു അവൻ നിന്നെയും രാജസ്ഥാനത്തിൽനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു. |

**IV. അധികാരത്തോടുകൂടെ ദൈവത്തെ പ്രതിനിധീകരിക്കുന്ന ഒരാൾക്ക് (ഒരു നിയുക്ത അധികാരിക്ക്) താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം:**

A. അവൻ അധികാരത്തിന് കീഴ്പെടണം—മത്താ. 8:8-9.

| | |
|---|---|
| മത്താ. 8:8 | എന്നാൽ ശതാധിപൻ ഉത്തരം നൽകി, കർത്താവേ, നീ എന്റെ മേൽക്കൂരയിൻ കീഴിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല; എന്നാൽ നീ ഒരു വാക്കു മാത്രം സംസാരിക്കേണം, എന്റെ ബാല്യക്കാരൻ സൗഖ്യമാകും. |
| മത്താ. 8:9 | എന്തെന്നാൽ ഞാനും അധികാരത്തിനു കീഴിലുള്ള മനുഷ്യൻ ആകുന്നു. എന്റെ കീഴിൽ പടയാളികൾ ഉണ്ട്, ഞാൻ ഇവനോട്, പോകുക എന്നു പറയുന്നു അവൻ പോകുന്നു; വേറൊരുവനോട്, വരുക, അവൻ വരുന്നു; എന്റെ അടിമയോട്, ഇതു ചെയ്യുക, അവൻ ചെയ്യുന്നു. |

B. തനിക്ക് തന്നിൽത്തന്നെ യാതൊരു അധികാരമില്ലെന്ന് അവൻ തിരിച്ചറിയണം—28:18; 2 കൊരി. 10:8; 13:10.

| | |
|---|---|
| മത്താ. 28:18 | യേശുവോ വന്ന് അവരോടു പറഞ്ഞത്, സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. |
| 2 കൊരി. 10:8 | നിങ്ങളെ മറിച്ചിടുവാനല്ല നിങ്ങളെ കെട്ടുപണി ചെയ്യുവാനായി കർത്താവ് നൽകിയിരിക്കുന്ന ഞങ്ങളുടെ അധികാരത്തെക്കുറിച്ച് അത്യധികം പ്രശംസിച്ചാൽ കൂടി, ഞാൻ ലജ്ജിച്ചുപോകുകയില്ല. |
| 2 കൊരി. 13:10 | മറിച്ചിടുവാനല്ല കെട്ടുപണി ചെയ്യുവാൻ കർത്താവ് എനിക്ക് നൽകിയിരിക്കുന്ന അധികാരത്തിനൊത്തവണ്ണം, കൂടെയുള്ളപ്പോൾ |

കർക്കശത പ്രയോഗിക്കാതിരിക്കേണ്ടതിനാകുന്നു, അകലെയായിരിക്കുമ്പോൾ ഞാൻ ഈ കാര്യങ്ങൾ എഴുതുന്നു.

C. അവൻ ദൈവഹിതം അറിയണം—എഫെ. 1:9; 5:17.

എഫെ. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

എഫെ. 5:17 അതുകൊണ്ട് മൂഢരാകാതെ, കർത്താവിന്റെ ഹിതം എന്തെന്ന് മനസ്സിലാക്കുവിൻ.

D. അവൻ സ്വയത്തെ ത്യജിക്കുന്ന ഒരുവനായിരിക്കണം—മത്താ. 16:24.

മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

E. അവൻ കർത്താവിനോട് ഒന്നായിരിക്കുകയും, കർത്താവുമായി നിരന്തരവും ഹൃദ്യവുമായ കൂട്ടായ്മയിൽ ജീവിക്കുകയും വേണം—1 കൊരി. 6:17; 1:9; 1 യോഹ. 1:3.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

1 കൊരി. 1:9 തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ.

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

F. അവൻ വ്യക്തിനിഷ്ഠനാകരുത്, തന്റെ സ്വന്തം വികാരത്തിനനുസരിച്ച് പ്രവർത്തിക്കുകയുമരുത്—2 കൊരി. 3:5.

2 കൊരി. 3:5 ഞങ്ങളിൽനിന്നുതന്നെ എന്തെങ്കിലും കണക്കിടുവാൻ ഞങ്ങൾ പര്യാപ്തർ എന്നല്ല; ഞങ്ങളുടെ പര്യാപ്തത ദൈവത്തിൽ നിന്നത്രേ ആകുന്നു,

G. മറ്റുള്ളവരോട് ഇടപെടുന്നതിൽ അവൻ ദയയുള്ളവനും കൃപാലുവും ആയിരിക്കണം—ലൂക്കൊ. 6:35; പ്ര.നി. റോമ. 5:15-16; 1 കൊരി. 2:12.

ലൂക്കൊ. 6:35 എന്നാൽ നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ, ഒന്നും തിരികെ പ്രതീക്ഷിക്കാതെ നന്മ ചെയ്യുകയും കടം കൊടുക്കുകയും ചെയ്യുവിൻ, നിങ്ങളുടെ പ്രതിഫലം വലുതായിരിക്കുകയും, നിങ്ങൾ അത്യുന്നതന്റെ പുത്രന്മാർ ആകുകയും ചെയ്യും; എന്തെന്നാൽ അവൻ നന്ദിയില്ലാത്തവരോടും ദുഷ്ടന്മാരോടും ദയയുള്ളവനാകുന്നു.

റോമ. 5:15 എന്നാൽ അതിക്രമം ആയിരുന്നതുപോലെ, കൃപയാലുള്ള ഉപഹാരവും ആകുന്നു എന്നല്ല; എന്തെന്നാൽ ഒരുവന്റെ അതിക്രമത്താൽ അനേകർ മരിച്ചു എങ്കിൽ, ദൈവകൃപയും ഏക മനുഷ്യനായ യേശു ക്രിസ്തുവിന്റെ കൃപയിലുള്ള സൗജന്യ ഉപഹാരവും എത്ര അധികമായി അനേകർക്ക് സമൃദ്ധമായിരിക്കുന്നു.

റോമ. 5:16 പാപം ചെയ്ത ഏകനിലൂടെ എന്നപോലെ സൗജന്യ ഉപഹാരവും ആകുന്നു എന്നല്ല; എന്തെന്നാൽ ന്യായവിധി ഏക അതിക്രമത്തിൽനിന്ന് ശിക്ഷാവിധിയിങ്കലേക്ക് ആയിരുന്നു, എന്നാൽ കൃപയാലുള്ള ഉപഹാരം അനേകം അതിക്രമങ്ങളിൽനിന്ന് നീതീകരണത്തിങ്കലേക്ക് ആകുന്നു.

1 കൊരി. 2:12 എന്നാൽ ദൈവം നമുക്ക് കൃപാപൂർവം നൽകിയിരിക്കുന്ന കാര്യങ്ങൾ അറിയേണ്ടതിന്, ലോകത്തിന്റെ ആത്മാവിനെയല്ല

ദൈവത്തിൽനിന്നുള്ള ആത്മാവിനെയത്രേ നാം സ്വീകരിച്ചത്;

H. അവൻ ക്രിസ്തുവിന്റെ പുനരുത്ഥാന ജീവനിൽ ജീവിക്കുന്ന, പുനരുത്ഥാനത്തിലുള്ള ഒരു വ്യക്തിയായിരിക്കണം—2 കൊരി. 1:9; 4:14.

| | |
|---|---|
| 2 കൊരി. 1:9 | ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു; |
| 2 കൊരി. 4:14 | കർത്താവായ യേശുവിനെ ഉയിർപ്പിച്ചവൻ ഞങ്ങളെയും യേശുവിനോടുകൂടെ ഉയിർപ്പിച്ച് നിങ്ങളോടുകൂടെ അവന്റെ മുമ്പാകെ നിർത്തും എന്ന് ഞങ്ങൾ അറിയുന്നു. |

I. അവൻ ദൈവമുമ്പാകെ ഒരു താഴ്ന്ന സ്ഥാനം എടുക്കണം—സംഖ്യാ. 14:5; 16:3-4, 22, 45; മത്താ. 11:29; റോമ. 12:16; ലൂക്കൊ. 14:7-11; 1 പത്രൊ. 5:5-6.

| | |
|---|---|
| സംഖ്യ. 14:5 | അപ്പോൾ മോശെയും അഹരോനും യിസ്രായേൽസഭയുടെ സർവ്വസംഘത്തിന്റെയും മുമ്പാകെ കവിണ്ണുവീണു. |
| സംഖ്യ. 16:3 | അവൻ മോശെക്കും അഹരോന്നും വിരോധമായി കൂട്ടംകൂടി അവരോടു: മതി, മതി; സഭ ഒട്ടൊഴിയാതെ എല്ലാവരും വിശുദ്ധരാകുന്നു; യഹോവ അവരുടെ മദ്ധ്യേ ഉണ്ടു; പിന്നെ നിങ്ങൾ യഹോവയുടെ സഭെക്കു മീതെ നിങ്ങളെത്തന്നേ ഉയർത്തുന്നതു എന്തു? എന്നു പറഞ്ഞു. |
| സംഖ്യ. 16:4 | ഇതു കേട്ടപ്പോൾ മോശെ കവിണ്ണുവീണു. |
| സംഖ്യ. 16:22 | അപ്പോൾ അവർ കവിണ്ണുവീണു: സകലജനത്തിന്റെയും ആത്മാക്കൾക്കു ഉടയവനാകുന്ന ദൈവമേ, ഒരു മനുഷ്യൻ പാപം ചെയ്തതിന്നു നീ സർവ്വസഭയോടും കോപിക്കുമേ എന്നു പറഞ്ഞു. |
| സംഖ്യ. 16:45 | ഞാൻ അവരെ ക്ഷണത്തിൽ സംഹരിക്കും എന്നരുളിച്ചെയ്തു. അപ്പോൾ അവർ കവിണ്ണുവീണു. |
| മത്താ. 11:29 | ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും. |
| റോമ. 12:16 | ഉന്നത കാര്യങ്ങളിൽ മനസ്സുറപ്പിക്കാതെ താഴ്ന്നവരോടു ചേർന്ന്, അന്യോന്യം ഒരേ മനസ്സുള്ളവരാകുവിൻ; നിങ്ങളിൽത്തന്നെ ജ്ഞാനികൾ ആകാതിരിക്കുവിൻ. |
| ലൂക്കൊ. 14:7 | ക്ഷണിക്കപ്പെട്ടവർ എപ്രകാരം ആയിരുന്നു ആദരണീയസ്ഥലങ്ങൾ തിരഞ്ഞെടുത്തതെന്നു ശ്രദ്ധിച്ചിട്ട്, അവൻ അവരോട് ഒരു ഉപമ പറഞ്ഞത്, |
| ലൂക്കൊ. 14:8 | ആരെങ്കിലും നിന്നെ ഒരു വിവാഹ വിരുന്നിലേക്കു ക്ഷണിക്കുമ്പോൾ, ആദരണീയസ്ഥാനത്ത് ഭക്ഷണത്തിനിരിക്കരുത്, ഒരുപക്ഷേ നിന്നെക്കാൾ ഏറെ ആദരണീയനായ ഒരുവനെ അവൻ ക്ഷണിച്ചിരിക്കാം, |
| ലൂക്കൊ. 14:9 | നിന്നെയും അവനെയും ക്ഷണിച്ചവൻ വന്നു നിന്നോട്, ആ സ്ഥലം ഇവനു കൊടുക്കുക എന്നു പറയും; അപ്പോൾ നീ ലജ്ജയോടെ അവസാനത്തെ സ്ഥലം കൈവശമാക്കുവാൻ തുടങ്ങും. |
| ലൂക്കൊ. 14:10 | എന്നാൽ നീ ക്ഷണിക്കപ്പെടുമ്പോൾ, അവസാനത്തെ സ്ഥലത്തു പോയി ഭക്ഷണത്തിനിരിക്കുക, അങ്ങനെ നിന്നെ ക്ഷണിച്ചവൻ വരുമ്പോൾ, സ്നേഹിതാ മുകളിലേക്കു വന്ന് ഇരിക്കുക എന്നു പറഞ്ഞേക്കാം. അപ്പോൾ നിന്നോടൊപ്പം ഭക്ഷണത്തിനിരിക്കുന്ന എല്ലാവർക്കും മുമ്പാകെ നിനക്കു മഹത്വം ഉണ്ടാകും. |
| ലൂക്കൊ. 14:11 | തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും, തന്നെത്താൻ |

താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും.

| | |
|---|---|
| 1 പത്രൊ. 5:5 | അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു. |
| 1 പത്രൊ. 5:6 | അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ, |

J. അവന് കുറ്റാരോപണങ്ങൾ സഹിക്കുവാൻ കഴിയണം—പുറ. 16:7; സംഖ്യ. 14:2, 5, 9, 27; മത്താ. 6:14-15; 1 കൊരി. 4:6-13.

| | |
|---|---|
| പുറ. 16:7 | പ്രഭാതകാലത്തു നിങ്ങൾ യഹോവയുടെ തേജസ്സു കാണും; യഹോവയുടെ നേരെയുള്ള നിങ്ങളുടെ പിറുപിറുപ്പു അവൻ കേട്ടിരിക്കുന്നു; നിങ്ങൾ ഞങ്ങളുടെ നേരെ പിറുപിറുക്കുവാൻ ഞങ്ങൾ എന്തുള്ളു എന്നു പറഞ്ഞു. |
| സംഖ്യ. 14:2 | യിസ്രായേൽമക്കൾ എല്ലാവരും മോശെക്കും അഹരോന്നും വിരോധമായി പിറുപിറുത്തു; സഭ ഒക്കെയും അവരോടു: മിസ്രയീംദേശത്തുവെച്ചു ഞങ്ങൾ മരിച്ചുപോയിരുന്നു എങ്കിൽ കൊള്ളായിരുന്നു. അല്ലെങ്കിൽ ഈ മരുഭൂമിയിൽവെച്ചു ഞങ്ങൾ മരിച്ചുപോയിരുന്നു എങ്കിൽ കൊള്ളായിരുന്നു. |
| സംഖ്യ. 14:5 | അപ്പോൾ മോശെയും അഹരോനും യിസ്രായേൽസഭയുടെ സർവ്വസംഘത്തിന്റെയും മുമ്പാകെ കവിണ്ണുവീണു. |
| സംഖ്യ. 14:9 | യഹോവയോടു നിങ്ങൾ മത്സരിക്കമാത്രം അരുതു; ആ ദേശത്തിലെ ജനത്തെ ഭയപ്പെടരുതു; അവർ നമുക്കു ഇരയാകുന്നു; അവരുടെ ശരണം പോയ്പോയിരിക്കുന്നു; നമ്മോടുകൂടെ യഹോവ ഉള്ളതുകൊണ്ടു അവരെ ഭയപ്പെടരുതു. |
| സംഖ്യ. 14:27 | ഈ ദുഷ്ടസഭ എത്രത്തോളം എനിക്കു വിരോധമായി പിറുപിറുക്കും? യിസ്രായേൽമക്കൾ എനിക്കു വിരോധമായി പിറുപിറുക്കുന്നതു ഞാൻ കേട്ടിരിക്കുന്നു. |
| മത്താ. 6:14 | എന്തെന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിച്ചാൽ, നിങ്ങളുടെ സ്വർഗീയ പിതാവ് നിങ്ങളോടും ക്ഷമിക്കും; |
| മത്താ. 6:15 | എന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിക്കാതിരുന്നാൽ, നിങ്ങളുടെ പിതാവ് നിങ്ങളുടെ അതിക്രമങ്ങളെയും ക്ഷമിക്കുകയില്ല. |
| 1 കൊരി. 4:6 | സഹോദരന്മാരേ, നിങ്ങളിൽ ആരും ഒരുവനെച്ചൊല്ലി മറ്റൊരുവന് എതിരായി നിഗളിക്കാതിരിക്കുവാൻ, എഴുതിയിരിക്കുന്നതിന് അപ്പുറം പോകരുതെന്ന കാര്യം നിങ്ങൾ ഞങ്ങളിൽ പഠിക്കേണ്ടതിന്, ഈ കാര്യങ്ങൾ നിങ്ങൾ നിമിത്തം ഞാൻ ആലങ്കാരികമായി എന്നിലും അപ്പൊല്ലോസിലും പ്രയോഗിച്ചിരിക്കുന്നു, |
| 1 കൊരി. 4:7 | നിന്നെ ആർ മേന്മയുള്ളവനാക്കുന്നു? ലഭിച്ചിട്ടുള്ളത് അല്ലാതെ നിനക്ക് എന്തുണ്ട്? നിനക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ, ലഭിച്ചിട്ടില്ലാത്തതുപോലെ പ്രശംസിക്കുന്നത് എന്ത്? |
| 1 കൊരി. 4:8 | ഇപ്പോൾത്തന്നെ നിങ്ങൾ നിറഞ്ഞിരിക്കുന്നു; ഇപ്പോൾത്തന്നെ നിങ്ങൾ സമ്പന്നരായിത്തീർന്നിരിക്കുന്നു; ഞങ്ങളെക്കൂടാതെ നിങ്ങൾ വാണിരിക്കുന്നു. ഞങ്ങളും നിങ്ങളോടൊപ്പം വാഴേണ്ടതിന്, നിങ്ങൾ തീർച്ചയായും വാണിരുന്നെങ്കിൽ എന്ന് ഞാൻ ആശിക്കുന്നു. |
| 1 കൊരി. 4:9 | ഞങ്ങൾ ലോകത്തിന്, ദൂതന്മാർക്കും മനുഷ്യർക്കും തന്നെ, ഒരു കൂത്തുകാഴ്ച ആയിത്തീർന്നിരിക്കുന്നതുകൊണ്ട്, അപ്പൊസ്തലന്മാരായ ഞങ്ങളെ ദൈവം സകലത്തിലും ഒടുക്കത്തവരായി മരണത്തിനു വിധിച്ചിരിക്കുന്നവരെപ്പോലെ |

| | |
|---|---|
| | കാഴ്ച്ചയാക്കിയിരിക്കുന്നു എന്ന് ഞാൻ ചിന്തിക്കുന്നു. |
| 1 കൊരി. 4:10 | ഞങ്ങൾ ക്രിസ്തു നിമിത്തം മൂഢന്മാർ, നിങ്ങൾ ക്രിസ്തുവിൽ വിവേകികൾ; ഞങ്ങൾ ബലഹീനർ, നിങ്ങൾ ബലവാന്മാർ; നിങ്ങൾ മഹത്വപൂർണർ, ഞങ്ങൾ അപമാനിതർ. |
| 1 കൊരി. 4:11 | ഈ നാഴിക വരെ ഞങ്ങൾ വിശന്നും ദാഹിച്ചും ഇരിക്കുന്നു, നഗ്നരും അടിക്കപ്പെട്ടവരും ഭവനമില്ലാതെ അലയുന്നവരും ആകുന്നു; |
| 1 കൊരി. 4:12 | ഞങ്ങൾ സ്വന്തം കൈകൊണ്ട് വേലചെയ്ത് അധ്വാനിക്കുന്നു. നിന്ദിക്കപ്പെട്ടിട്ട് ഞങ്ങൾ അനുഗ്രഹിക്കുന്നു; ഉപദ്രവിക്കപ്പെട്ടിട്ട് ഞങ്ങൾ സഹിക്കുന്നു; |
| 1 കൊരി. 4:13 | അപകീർത്തിക്കപ്പെട്ടുകൊണ്ട് ഞങ്ങൾ പ്രബോധിപ്പിക്കുന്നു. ഞങ്ങൾ ഈ സമയം വരെയും, ലോകത്തിന്റെ ചവറും, സകലത്തിന്റെയും മാലിന്യവും ആയിത്തീർന്നിരിക്കുന്നു. |

K. തന്റെ കഴിവില്ലായ്മയെയും അനുയോജ്യതയെയും കുറിച്ചുള്ള ബോധം അവനുണ്ടായിരിക്കണം—പുറ. 3:11; 4:6-7, 10; 2 കൊരി. 3:5; 1 കൊരി. 15:10.

| | |
|---|---|
| പുറ. 3:11 | മോശെ ദൈവത്തോടു: ഫറവോന്റെ അടുക്കൽ പോകുവാനും യിസ്രായേൽമക്കളെ മിസ്രയീമിൽനിന്നു പുറപ്പെടുവിപ്പാനും ഞാൻ എന്തു മാത്രമുള്ളു എന്നു പറഞ്ഞു. |
| പുറ. 4:6 | യഹോവ പിന്നെയും അവനോടു: നിന്റെ കൈ മാർവ്വിടത്തിൽ ഇടുക എന്നു കല്പിച്ചു. അവൻ കൈ മാർവ്വിടത്തിൽ ഇട്ടു; പുറത്തു എടുത്തപ്പോൾ കൈ ഹിമംപോലെ വെളുത്തു കുഷ്ഠമുള്ളതായി കണ്ടു. |
| പുറ. 4:7 | നിന്റെ കൈ വീണ്ടും മാർവ്വിടത്തിൽ ഇടുക എന്നു കല്പിച്ചു. അവൻ കൈ വീണ്ടും മാർവ്വിടത്തിൽ ഇട്ടു, മാർവ്വിടത്തിൽനിന്നു പുറത്തെടുത്തപ്പോൾ, അതു വീണ്ടും അവന്റെ മറ്റേ മാംസംപോലെ ആയി കണ്ടു. |
| പുറ. 4:10 | മോശെ യഹോവയോടു: കർത്താവേ, മുമ്പേ തന്നെയും നീ അടിയനോടു സംസാരിച്ചശേഷവും ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല; ഞാൻ വിക്കനും തടിച്ചനാവുള്ളവനും ആകുന്നു എന്നു പറഞ്ഞു. |
| 2 കൊരി. 3:5 | ഞങ്ങളിൽനിന്നുതന്നെ എന്തെങ്കിലും കണക്കിടുവാൻ ഞങ്ങൾ പര്യാപ്തർ എന്നല്ല; ഞങ്ങളുടെ പര്യാപ്തത ദൈവത്തിൽ നിന്നത്രേ ആകുന്നു, |
| 1 കൊരി. 15:10 | എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ. |

L. അവൻ ദൈവത്തെ ശരിയായി പ്രതിനിധീകരിക്കുന്ന ഒരുവനായിരിക്കണം—സംഖ്യാ. 20:2-13; 2 കൊരി. 5:18, 20; എഫെ. 6:20.

| | |
|---|---|
| സംഖ്യ. 20:2 | ജനത്തിന്നു കുടിപ്പാൻ വെള്ളം ഉണ്ടായിരുന്നില്ല; അപ്പോൾ അവർ മോശെക്കും അഹരോന്നും വിരോധമായി കൂട്ടം കൂടി. |
| സംഖ്യ. 20:3 | ജനം മോശെയോടു കലഹിച്ചു: ഞങ്ങളുടെ സഹോദരന്മാർ യഹോവയുടെ സന്നിധിയിൽ മരിച്ചപ്പോൾ ഞങ്ങളും മരിച്ചുപോയിരുന്നു എങ്കിൽ കൊള്ളായിരുന്നു. |
| സംഖ്യ. 20:4 | ഞങ്ങളും ഞങ്ങളുടെ മൃഗങ്ങളും ഇവിടെ കിടന്നു ചാകേണ്ടതിന്നു നിങ്ങൾ യഹോവയുടെ സഭയെ ഈ മരുഭൂമിയിൽ കൊണ്ടുവന്നതു എന്തു? |

| | |
|---|---|
| സംഖ്യ. 20:5 | ഈ വല്ലാത്ത സ്ഥലത്തു ഞങ്ങളെ കൊണ്ടുവരുവാൻ നിങ്ങൾ മിസ്രയീമിൽനിന്നു ഞങ്ങളെ പുറപ്പെടുവിച്ചതു എന്തിന്നു? ഇവിടെ വിത്തും അത്തിപ്പഴവും മുന്തിരിപ്പഴവും മാതളപ്പഴവും ഇല്ല; കുടിപ്പാൻ വെള്ളവുമില്ല എന്നു പറഞ്ഞു. |
| സംഖ്യ. 20:6 | എന്നാറെ മോശെയും അഹരോനും സഭയുടെ മുമ്പിൽനിന്നു സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ ചെന്നു കവിണ്ണുവീണു; യഹോവയുടെ തേജസ്സു അവർക്കു പ്രത്യക്ഷമായി. |
| സംഖ്യ. 20:7 | യഹോവ മോശെയോടു: നിന്റെ വടി എടുത്തു നീയും സഹോദരനായ അഹരോനും സഭയെ വിളിച്ചുകൂട്ടി അവർ കാൺകെ പാറയോടു കല്പിക്ക. |
| സംഖ്യ. 20:8 | എന്നാൽ അതു വെള്ളം തരും; പാറയിൽനിന്നു അവർക്കു വെള്ളം പുറപ്പെടുവിച്ചു ജനത്തിന്നും അവരുടെ കന്നുകാലികൾക്കും കുടിപ്പാൻ കൊടുക്കേണം എന്നു അരുളിച്ചെയ്തു. |
| സംഖ്യ. 20:9 | തന്നോടു കല്പിച്ചതുപോലെ മോശെ യഹോവയുടെ സന്നിധിയിൽനിന്നു വടി എടുത്തു. |
| സംഖ്യ. 20:10 | മോശെയും അഹരോനും പാറയുടെ അടുക്കൽ സഭയെ വിളിച്ചുകൂട്ടി അവരോടു: മത്സരികളേ, കേൾപ്പിൻ; ഈ പാറയിൽനിന്നു ഞങ്ങൾ നിങ്ങൾക്കുവേണ്ടി വെള്ളം പുറപ്പെടുവിക്കുമോ എന്നു പറഞ്ഞു. |
| സംഖ്യ. 20:11 | മോശെ കൈ ഉയർത്തി വടികൊണ്ടു പാറയെ രണ്ടു പ്രാവശ്യം അടിച്ചു; വളരെ വെള്ളം പുറപ്പെട്ടു; ജനവും അവരുടെ കന്നുകാലികളും കുടിച്ചു. |
| സംഖ്യ. 20:12 | പിന്നെ യഹോവ മോശെയോടും അഹരോനോടും: നിങ്ങൾ യിസ്രായേൽമക്കൾ കാൺകെ എന്നെ ശുദ്ധീകരിപ്പാൻ തക്കവണ്ണം എന്നെ വിശ്വസിക്കാതിരുന്നതുകൊണ്ടു നിങ്ങൾ ഈ സഭയെ ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തേക്കു കൊണ്ടുപോകയില്ല എന്നു അരുളിച്ചെയ്തു. |
| സംഖ്യ. 20:13 | ഇതു യിസ്രായേൽമക്കൾ യഹോവയോടു കലഹിച്ചതും അവർ അവരിൽ ശുദ്ധീകരിക്കപ്പെട്ടതുമായ കലഹജലം. |
| 2 കൊരി. 5:18 | എന്നാൽ സകലവും ദൈവത്തിൽനിന്നാകുന്നു, അവൻ ക്രിസ്തുവിലൂടെ നമ്മെ തന്നോടുതന്നെ നിരപ്പിച്ചിട്ട് നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് നൽകിയിരിക്കുന്നു. |
| 2 കൊരി. 5:20 | അങ്ങനെ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികൾ ആകുന്നു, ഞങ്ങൾ മുഖാന്തരം ദൈവം നിങ്ങളോട് അപേക്ഷിക്കുന്നതുപോലെ, ദൈവത്തോട് നിരന്നുകൊള്ളുവിൻ എന്ന് ക്രിസ്തുവിനു പകരം ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു. |
| എഫെ. 6:20 | അതിനായി ഞാൻ ചങ്ങലയിൽ ഒരു സ്ഥാനപതി ആകുന്നു, അതിൽ ഞാൻ സംസാരിക്കേണ്ടതുപോലെ ധൈര്യമായി സംസാരിക്കുവാൻ തന്നെ. |

**V. ഏറ്റവും പ്രധാനപ്പെട്ട പ്രാർഥനയും ഏറ്റവും ആത്മിക പ്രാർഥനയും അധികാരത്തിന്റെ പ്രാർഥനയാണ്—മത്താ. 18:18; മർക്കൊ. 11:20-24:**

| | |
|---|---|
| മത്താ. 18:18 | സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും. |
| മർക്കൊ. 11:20 | രാവിലെ അവർ അതിലെ കടന്നുപോകുമ്പോൾ, അത്തിവൃക്ഷം വേരുകൾ മുതൽ ഉണങ്ങിയിരിക്കുന്നത് അവർ കണ്ടു. |
| മർക്കൊ. 11:21 | പത്രൊസ് ഓർത്ത് അവനോട്, റബ്ബീ, ഇതാ നീ ശപിച്ച അത്തിവൃക്ഷം ഉണങ്ങിയിരിക്കുന്നു എന്നു പറഞ്ഞു. |
| മർക്കൊ. 11:22 | യേശു അവർക്ക് ഉത്തരം നൽകി, ദൈവത്തിൽ വിശ്വാസം ഉള്ളവരാകുവിൻ. |

മർക്കൊ. 11:23 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ മലയോട്, എടുക്കപ്പെട്ടു കടലിലേക്ക് എറിയപ്പെടുക എന്നു പറയുകയും, തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കുന്നുവെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഏവനും അതു ലഭിക്കും.

മർക്കൊ. 11:24 ഇക്കാരണത്താൽ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ പ്രാർഥിക്കുകയും ചോദിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളും നിങ്ങൾക്കു ലഭിച്ചു എന്നു വിശ്വസിക്കുവിൻ, നിങ്ങൾക്ക് അവ ലഭിക്കും.

A. അധികാരത്തിന്റെ പ്രാർഥന അധികാരത്തെ അടിസ്ഥാനമാക്കിയുള്ള ഒരു കല്പനയാണ്—യെശ. 45:11; മർക്കൊ. 11:20-24:

യെശ. 45:11 യിസ്രായേലിന്റെ പരിശുദ്ധനും അവനെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ പുത്രന്മാരെ സംബന്ധിച്ച് വരുവാനുള്ളതിനെക്കുറിച്ചു എന്നോടു ചോദിക്കുകയും, എന്റെ കൈകളുടെ പ്രവൃത്തിയെ കുറിച്ചു എന്നോടു കല്പിപ്പിക്കുകയും ചെയ്യുക.

മർക്കൊ. 11:20 രാവിലെ അവർ അതിലെ കടന്നുപോകുമ്പോൾ, അത്തിവൃക്ഷം വേരുകൾ മുതൽ ഉണങ്ങിയിരിക്കുന്നത് അവർ കണ്ടു.

മർക്കൊ. 11:21 പത്രൊസ് ഓർത്ത് അവനോട്, റബ്ബീ, ഇതാ നീ ശപിച്ച അത്തിവൃക്ഷം ഉണങ്ങിയിരിക്കുന്നു എന്നു പറഞ്ഞു.

മർക്കൊ. 11:22 യേശു അവർക്ക് ഉത്തരം നൽകി, ദൈവത്തിൽ വിശ്വാസം ഉള്ളവരാകുവിൻ.

മർക്കൊ. 11:23 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ മലയോട്, എടുക്കപ്പെട്ടു കടലിലേക്ക് എറിയപ്പെടുക എന്നു പറയുകയും, തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കുന്നുവെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഏവനും അതു ലഭിക്കും.

മർക്കൊ. 11:24 ഇക്കാരണത്താൽ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ പ്രാർഥിക്കുകയും ചോദിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളും നിങ്ങൾക്കു ലഭിച്ചു എന്നു വിശ്വസിക്കുവിൻ, നിങ്ങൾക്ക് അവ ലഭിക്കും.

1. അധികാരത്തിന്റെ പ്രാർഥന കല്പിക്കുന്ന പ്രാർഥനയാണ്—യെശ. 45:11.

യെശ. 45:11 യിസ്രായേലിന്റെ പരിശുദ്ധനും അവനെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ പുത്രന്മാരെ സംബന്ധിച്ച് വരുവാനുള്ളതിനെക്കുറിച്ചു എന്നോടു ചോദിക്കുകയും, എന്റെ കൈകളുടെ പ്രവൃത്തിയെ കുറിച്ചു എന്നോടു കല്പിപ്പിക്കുകയും ചെയ്യുക.

2. ദൈവമുമ്പാകെ ഘനമേറിയതും വിലയേറിയതുമായ പ്രാർഥനകൾ ഉണ്ടായിരിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, ദൈവമുമ്പാകെ ചില ആധികാരമുള്ള കല്പനകൾ നൽകുവാൻ നാം പ്രാപ്തരായിരിക്കണം—മർക്കൊ. 11:23.

മർക്കൊ. 11:23 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ മലയോട്, എടുക്കപ്പെട്ടു കടലിലേക്ക് എറിയപ്പെടുക എന്നു പറയുകയും, തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കുന്നുവെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഏവനും അതു ലഭിക്കും.

B. അധികാത്തിന്റെ പ്രാർഥനയ്ക്ക് രണ്ട് വശങ്ങളുണ്ട്—ബന്ധിക്കുന്നതും അഴിക്കുന്നതും—മത്താ. 18:18:

മത്താ. 18:18 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ

ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും.

1. സാധാരണ പ്രാർഥനകൾ ദൈവത്തോട് ബന്ധിക്കുവാനും അഴിക്കുവാനും ആവശ്യപ്പെടുന്ന പ്രാർഥനകളാണ്.
2. അധികാരത്തോടെയുള്ള പ്രാർഥനകൾ നാം അധികാരം പ്രയോഗിച്ചുകൊണ്ട് ബന്ധിക്കുകയും അഴിക്കുകയും ചെയ്യുന്ന പ്രാർഥനകളാണ്.

C. അധികാരത്തോടെയുള്ള പ്രാർഥന മർക്കൊസ് 11:20-24-ലെ പ്രാർഥന പ്രാർഥിക്കുന്നതാണ്—അത് ദൈവത്തെയല്ല, "ഈ മലയെ" ലാക്കാക്കിക്കൊണ്ടുള്ള പ്രാർഥനയാണ്—വാ. 23:

മർക്കൊ. 11:20 രാവിലെ അവർ അതിലെ കടന്നുപോകുമ്പോൾ, അത്തിവൃക്ഷം വേരുകൾ മുതൽ ഉണങ്ങിയിരിക്കുന്നത് അവർ കണ്ടു.

മർക്കൊ. 11:21 പത്രൊസ് ഓർത്ത് അവനോട്, റബ്ബീ, ഇതാ നീ ശപിച്ച അത്തിവൃക്ഷം ഉണങ്ങിയിരിക്കുന്നു എന്നു പറഞ്ഞു.

മർക്കൊ. 11:22 യേശു അവർക്ക് ഉത്തരം നൽകി, ദൈവത്തിൽ വിശ്വാസം ഉള്ളവരാകുവിൻ.

മർക്കൊ. 11:23 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ മലയോട്, എടുക്കപ്പെട്ടു കടലിലേക്ക് എറിയപ്പെടുക എന്നു പറയുകയും, തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കുന്നുവെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഏവനും അതു ലഭിക്കും.

മർക്കൊ. 11:24 ഇക്കാരണത്താൽ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ പ്രാർഥിക്കുകയും ചോദിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളും നിങ്ങൾക്കു ലഭിച്ചു എന്നു വിശ്വസിക്കുവിൻ, നിങ്ങൾക്ക് അവ ലഭിക്കും.

1. അധികാരത്തോടെയുള്ള പ്രാർഥന ദൈവത്തോട് എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെടുന്നില്ല; മറിച്ച്, അത് ദൈവത്തിന്റെ അധികാരത്തെ അഭ്യസിക്കുകയും, നീക്കം ചെയ്യേണ്ടതായ പ്രശ്നങ്ങളോടും കാര്യങ്ങളോടും ഇടപെടുവാൻ ഈ അധികാരത്തെ പ്രയോഗിക്കുകയും ചെയ്യുന്നു—വാ. 23.

   മർക്കൊ. 11:23 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ മലയോട്, എടുക്കപ്പെട്ടു കടലിലേക്ക് എറിയപ്പെടുക എന്നു പറയുകയും, തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കുന്നുവെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഏവനും അതു ലഭിക്കും.

2. അധികാരത്തോടെയുള്ള പ്രാർഥന ദൈവത്തോട് നേരിട്ട് അപേക്ഷിക്കുന്നില്ല; മറിച്ച്, ദൈവത്തിന്റെ അധികാരം പ്രയോഗിച്ചുകൊണ്ട് അത് നേരിട്ട് പ്രശ്നങ്ങളോട് ഇടപെടുന്നു—പുറ. 14:15-27.

   പുറ. 14:15 അപ്പോൾ യഹോവ മോശെയോടു അരുളിച്ചെയ്തതു: നീ എന്നോടു നിലവിളിക്കുന്നതു എന്തു? മുമ്പോട്ടു പോകുവാൻ യിസ്രായേൽമക്കളോടു പറക.

   പുറ. 14:16 വടി എടുത്തു നിന്റെ കൈ കടലിന്മേൽ നീട്ടി അതിനെ വിഭാഗിക്ക; യിസ്രായേൽമക്കൾ കടലിന്റെ നടുവെ ഉണങ്ങിയ നിലത്തുകൂടി കടന്നുപോകും.

   പുറ. 14:17 എന്നാൽ ഞാൻ മിസ്രയീമ്യരുടെ ഹൃദയത്തെ കഠിനമാക്കും; അവർ ഇവരുടെ പിന്നാലെ ചെല്ലും; ഞാൻ ഫറവോനിലും അവന്റെ സകലസൈന്യത്തിലും അവന്റെ രഥങ്ങളിലും കുതിരപ്പടയിലും എന്നെത്തന്നെ മഹത്വപ്പെടുത്തും.

| | |
|---|---|
| പുറ. 14:18 | ഇങ്ങനെ ഞാൻ ഫറവോനിലും അവന്റെ രഥങ്ങളിലും കുതിരപ്പടയിലും എന്നെത്തന്നെ മഹത്വപ്പെടുത്തുമ്പോൾ ഞാൻ യഹോവ ആകുന്നു എന്നു മിസ്രയീമ്യർ അറിയും. |
| പുറ. 14:19 | അനന്തരം യിസ്രായേല്യരുടെ സൈന്യത്തിന്നു മുമ്പായി നടന്ന ദൈവദൂതൻ അവിടെനിന്നു മാറി അവരുടെ പിന്നാലെ നടന്നു; മേഘസ്തംഭവും അവരുടെ മുമ്പിൽനിന്നു മാറി അവരുടെ പിമ്പിൽ പോയി നിന്നു. |
| പുറ. 14:20 | രാത്രി മുഴുവനും മിസ്രയീമ്യരുടെ സൈന്യവും യിസ്രായേല്യരുടെ സൈന്യവും തമ്മിൽ അടുക്കാതവണ്ണം അതു അവയുടെ മദ്ധ്യേ വന്നു; അവർക്കു മേഘവും അന്ധകാരവും ആയിരുന്നു; ഇവർക്കോ രാത്രിയെ പ്രകാശമാക്കിക്കൊടുത്തു. |
| പുറ. 14:21 | മോശെ കടലിന്മേൽ കൈ നീട്ടി; യഹോവ അന്നു രാത്രി മുഴുവനും മഹാശക്തിയുള്ള ഒരു കിഴക്കൻകാറ്റുകൊണ്ടു കടലിനെ പിൻവാങ്ങിച്ചു ഉണങ്ങിയ നിലം ആക്കി; അങ്ങനെ വെള്ളം തമ്മിൽ വേർപിരിഞ്ഞു. |
| പുറ. 14:22 | യിസ്രായേൽമക്കൾ കടലിന്റെ നടുവിൽ ഉണങ്ങിയ നിലത്തുകൂടി നടന്നുപോയി; അവരുടെ ഇടത്തും വലത്തും വെള്ളം മതിലായി നിന്നു. |
| പുറ. 14:23 | മിസ്രയീമ്യർ പിന്തുടർന്നു; ഫറവോന്റെ കുതിരയും രഥങ്ങളും കുതിരപ്പടയും എല്ലാം അവരുടെ പിന്നാലെ കടലിന്റെ നടുവിലേക്കു ചെന്നു. |
| പുറ. 14:24 | പ്രഭാതയാമത്തിൽ യഹോവ അഗ്നിമേഘസ്തംഭത്തിൽനിന്നു മിസ്രയീമ്യസൈന്യത്തെ നോക്കി മിസ്രയീമ്യസൈന്യത്തെ താറുമാറാക്കി. |
| പുറ. 14:25 | അവരുടെ രഥചക്രങ്ങളെ തെറ്റിച്ചു ഓട്ടം പ്രയാസമാക്കി. അതുകൊണ്ടു മിസ്രയീമ്യർ: നാം യിസ്രായേലിനെ വിട്ടു ഓടിപ്പോക; യഹോവ അവർക്കുവേണ്ടി മിസ്രയീമ്യരോടു യുദ്ധം ചെയ്യുന്നു എന്നു പറഞ്ഞു. |
| പുറ. 14:26 | അപ്പോൾ യഹോവ മോശെയോടു: വെള്ളം മിസ്രയീമ്യരുടെമേലും അവരുടെ രഥങ്ങളിൻമേലും കുതിരപ്പടയുടെമേലും മടങ്ങി വരേണ്ടതിന്നു കടലിന്മേൽ കൈ നീട്ടുക എന്നു കല്പിച്ചു. |
| പുറ. 14:27 | മോശെ കടലിന്മേൽ കൈ നീട്ടി; പുലർച്ചെക്കു കടൽ അതിന്റെ സ്ഥിതിയിലേക്കു മടങ്ങിവന്നു. മിസ്രയീമ്യർ അതിന്നു എതിരായി ഓടി; യഹോവ മിസ്രയീമ്യരെ കടലിന്റെ നടുവിൽ തള്ളിയിട്ടു. |

3. ജയാളികളുടെ ഏറ്റവും പ്രധാനപ്പെട്ട വേല സിംഹാസനത്തിന്റെ അധികാരം ഭൂമിയിലേക്ക് കൊണ്ടുവരുന്നതാണ്; നമുക്ക് ഒരു ജയാളിയാകണമെങ്കിൽ, നാം അധികാരത്തോടെ പ്രാർഥിക്കുവാനും പർവ്വതത്തോട് സംസാരിക്കുവാനും പഠിക്കണം—വെളി. 11:15; 12:10.

| | |
|---|---|
| വെളി. 11:15 | പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി. |
| വെളി. 12:10 | അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും |

രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു.

D. സഭ അധികാരത്തോടെ പ്രാർഥിക്കുമ്പോൾ, അത് പാതാളത്തിന്മേൽ ഭരിക്കുന്നു—മത്താ. 16:18:

| | |
|---|---|
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |

1. എല്ലാ സാത്താന്യ കാര്യങ്ങളിന്മേലും ഭരിക്കുവാൻ സഭയ്ക്ക് അധികാരമുണ്ട്.
2. ദുഷ്ടാത്മാക്കളുടെ എല്ലാ പ്രവർത്തനങ്ങളെയും പ്രാർഥന മുഖാന്തരം സഭ കീഴടക്കുകയും പ്രാർഥനയിലൂടെ ആധിപത്യം സ്ഥാപിക്കുകയും വേണം—ലൂക്കൊ. 10:17-19; മത്താ. 18:18.

| | |
|---|---|
| ലൂക്കൊ. 10:17 | എഴുപതുപേർ സന്തോഷത്തോടെ, കർത്താവേ, ഭൂതങ്ങൾ പോലും നിന്റെ നാമത്തിൽ ഞങ്ങൾക്കു കീഴ്പ്പെട്ടിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് മടങ്ങിവന്നു. |
| ലൂക്കൊ. 10:18 | അവൻ അവരോടു പറഞ്ഞു, സാത്താൻ മിന്നൽ പോലെ ആകാശത്തുനിന്ന് വീഴുന്നതു ഞാൻ കാണുകയായിരുന്നു. |
| ലൂക്കൊ. 10:19 | ഇതാ, ഞാൻ നിങ്ങൾക്കു പാമ്പുകളുടെയും തേളുകളുടെയുംമേൽ ചവിട്ടുവാനും ശത്രുവിന്റെ സകല ശക്തിയിന്മേലും അധികാരം നൽകിയിരിക്കുന്നു, യാതൊന്നും നിങ്ങൾക്കു ദോഷം വരുത്തുകയില്ല. |
| മത്താ. 18:18 | സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും. |

E. നാം അധികാരത്തിന്റെ പ്രാർഥന പ്രാർഥിക്കണമെങ്കിൽ, ആദ്യം ദൈവത്തിന്റെ അധികാരത്തിന് നാം സ്വയം കീഴ്പെടണം; ദൈവത്തിന്റെ സ്ഥാനത്തോടുള്ള ബന്ധത്തിൽ നാം അവന്റെ അധികാരത്തിന് കീഴ്പെടുകയും, നമ്മുടെ ദൈനംദിന ജീവിതത്തിലും എല്ലാ പ്രായോഗിക കാര്യങ്ങളിലും അവന്റെ അധികാരത്തിന് കീഴ്പെടുകയും ചെയ്യാത്തിടത്തോളം, നമുക്ക് അധികാരത്തോടെ പ്രാർഥിക്കുവാൻ കഴിയുകയില്ല—യെശ. 45:11; 1 പത്രൊ. 5:6; വെളി. 22:1.

| | |
|---|---|
| യെശ. 45:11 | യിസ്രായേലിന്റെ പരിശുദ്ധനും അവനെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ പുത്രന്മാരെ സംബന്ധിച്ച് വരുവാനുള്ളതിനെക്കുറിച്ചു എന്നോടു ചോദിക്കുകയും, എന്റെ കൈകളുടെ പ്രവൃത്തിയെ കുറിച്ചു എന്നോടു കല്പിപ്പിക്കുകയും ചെയ്യുക. |
| 1 പത്രൊ. 5:6 | അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ, |
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |

F. അധികാരത്തിന്റെ പ്രാർഥനയുടെ ആരംഭബിന്ദു സ്വർഗവും ലക്ഷ്യസ്ഥാനം ഭൂമിയുമാണ്—വാ. 4:8; 6:10; എഫെ. 1:22-23; 2:6; 6:18:

| | |
|---|---|
| ഉത്ത. 4:8 | കാന്തേ ലെബാനോനെ വിട്ടു എന്നോടുകൂടെ, ലെബാനോനെ വിട്ടു |

എന്നോടുകൂടെ വരിക; അമാനാമുകളും ശെനീർ ഹെർമ്മോൻ കൊടുമുടികളും സിംഹങ്ങളുടെ ഗുഹകളും പുള്ളിപ്പുലികളുടെ പർവ്വതങ്ങളും വിട്ടുപോരിക.

ഉത്ത. 6:10 അരുണോദയംപോലെ ശോഭയും ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോടുകൂടിയ സൈന്യംപോലെ ഭയങ്കരത്വവും ഉള്ളോരിവൾ ആർ?

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

എഫെ. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

എഫെ. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

എഫെ. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

1. അധികാരത്തോടെയുള്ള പ്രാർഥന സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് പ്രാർഥിക്കപ്പെടുന്നു; അത് ഒരു സ്വർഗീയ സ്ഥാനത്തുനിന്ന് ആരംഭിച്ച് സ്വർഗത്തിൽനിന്ന് താഴെ ഭൂമിയിലേക്ക് പോകുന്നു—2: 6.

   എഫെ. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

2. താഴേക്ക് പ്രാർഥിക്കുക എന്നത് സാത്താനോട് അധികാരത്തോടെ ആജ്ഞാപിച്ച് അവന്റെ എല്ലാ പ്രവൃത്തികളെയും ത്യജിക്കുന്നതിനും, ദൈവത്തിന്റെ എല്ലാ കല്പനകളും നിറവേറ്റപ്പെടണമെന്ന് അധികാരത്തോടെ പ്രഖ്യാപിക്കുന്നതിനും സ്വർഗത്തിൽ ക്രിസ്തു നമുക്ക് നൽകിയിരിക്കുന്ന സ്ഥാനത്ത് നിൽക്കുന്നതാണ്—മത്താ. 6:9-10.

   മത്താ. 6:9 അതിനാൽ നിങ്ങൾ ഇപ്രകാരം പ്രാർഥിക്കുവിൻ: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ;

   മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

G. പ്രാർഥനയുടെ സ്ഥാനം ആരോഹണമാണ്, പ്രാർഥനയുടെ അധികാരവും ആരോഹണമാണ്; ആരോഹണത്തിലെ എല്ലാ പ്രാർഥനകളും അധികാരത്തിന്റെ പ്രാർഥനകളാണ്—എഫെ. 2:6; 1:22-23:

എഫെ. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

എഫെ. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

1. ആരോഹണത്തിന്റെ സ്ഥാനത്തുനിന്ന് കല്പനകൾ നൽകാൻ കഴിവുള്ള ഒരുവന്റെ പ്രാർഥനയാണ് അധികാരത്തിന്റെ പ്രാർഥന—യെശ. 45:11.

   യെശ. 45:11 യിസ്രായേലിന്റെ പരിശുദ്ധനും അവനെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ പുത്രന്മാരെ സംബന്ധിച്ച് വരുവാനുള്ളതിനെക്കുറിച്ചു എന്നോടു

ചോദിക്കുകയും, എന്റെ കൈകളുടെ പ്രവൃത്തിയെ കുറിച്ചു എന്നോടു കല്പിപ്പിക്കുകയും ചെയ്യുക.

2. നാം ആരോഹണത്തിന്റെ സ്ഥാനത്താണെങ്കിൽ, നമ്മുടെ പ്രാർഥന ദൈവത്തിന്റെ ഭരണനിർവഹണത്തിനു തുല്യമായിരിക്കും; അത് അവന്റെ കല്പനകൾ നടപ്പിലാക്കുന്നതായിരിക്കും—വെളി. 8:3-5.

| | |
|---|---|
| വെളി. 8:3 | മറ്റൊരു ദൂതൻ സ്വർണ ധൂപകലശവുമായി വന്നു യാഗപീഠത്തിനരികിൽ നിന്നു; സിംഹാസനത്തിനു മുമ്പാകെയുള്ള സ്വർണപീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാർഥനകളോടുകൂടെ അർപ്പിക്കേണ്ടതിന് വളരെ ധൂപവർഗവും അവനു കൊടുത്തു. |
| വെളി. 8:4 | ധൂപവർഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർഥനകളോടുകൂടെ ദൂതന്റെ കൈയിൽനിന്ന് ദൈവമുമ്പാകെ കയറിപ്പോയി. |
| വെളി. 8:5 | ദൂതൻ ധൂപകലശം എടുത്ത് യാഗപീഠത്തിന്റെ തീകൊണ്ട് അതിനെ നിറച്ച് ഭൂമിയിലേക്ക് എറിഞ്ഞു; ഇടിമുഴക്കവും നാദവും മിന്നലും ഒരു ഭൂകമ്പവും ഉണ്ടായി. |

H. നമുക്ക് സ്വർഗീയ സ്ഥാനവും സ്വർഗീയ അധികാരവും ഉണ്ടായിരിക്കുകയും അങ്ങനെ ആധികാരമുള്ള പ്രാർഥനകൾ ഉച്ചരിക്കാൻ കഴിയുകയും ചെയ്യുന്ന ഒരു ഘട്ടത്തിൽ നാം എത്തുമ്പോൾ, നാം കർത്താവിനോടൊപ്പം വാണുകൊണ്ട് സിംഹാസനത്തിലാണ്—എഫെ. 2:5-6; വെളി. 3:21; പ്ര.നി. യെഹെ. 1:26:

| | |
|---|---|
| എഫെ. 2:5 | നാം അതിക്രമങ്ങളിൽ മരിച്ചവരായിരുന്നപ്പോൾത്തന്നെ, നമ്മെ, ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും (കൃപയാൽ ആകുന്നു നിങ്ങൾ രക്ഷിക്കപ്പെട്ടത്), |
| എഫെ. 2:6 | അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു, |
| വെളി. 3:21 | ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ. |
| യെഹെ. 1:26 | അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു. |

1. ഈ സമയത്ത്, നമ്മുടെ പ്രാർഥന ഒരു ആധികാരമുള്ള പ്രാർഥന മാത്രമല്ല, ഒരു വാഴുന്ന പ്രാർഥന കൂടിയാണ്, അങ്ങനെ നമ്മുടെ പ്രാർഥന ദൈവത്തിന്റെ ഭരണനിർവഹണമായി, ദൈവഭരണത്തിന്റെ നടപ്പാക്കലായിത്തീരുന്നു—റോമ. 5:17, 21; മത്താ. 18:18; വെളി. 8:3-5.

| | |
|---|---|
| റോമ. 5:17 | ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും. |
| റോമ. 5:21 | എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ. |
| മത്താ. 18:18 | സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ |

അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും.

വെളി. 8:3 — മറ്റൊരു ദൂതൻ സ്വർണ ധൂപകലശവുമായി വന്നു യാഗപീഠത്തിനരികിൽ നിന്നു; സിംഹാസനത്തിനു മുമ്പാകെയുള്ള സ്വർണപീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാർഥനകളോടുകൂടെ അർപ്പിക്കേണ്ടതിന് വളരെ ധൂപവർഗവും അവനു കൊടുത്തു.

വെളി. 8:4 — ധൂപവർഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർഥനകളോടുകൂടെ ദൂതന്റെ കൈയിൽനിന്ന് ദൈവമുമ്പാകെ കയറിപ്പോയി.

വെളി. 8:5 — ദൂതൻ ധൂപകലശം എടുത്ത് യാഗപീഠത്തിന്റെ തീകൊണ്ട് അതിനെ നിറച്ച് ഭൂമിയിലേക്ക് എറിഞ്ഞു; ഇടിമുഴക്കവും നാദവും മിന്നലും ഒരു ഭൂകമ്പവും ഉണ്ടായി.

2. നാം പഠിക്കാൻ മനസ്സുള്ളവരാണെങ്കിൽ, ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിനായി അത്തരം പ്രാർഥനകൾ ഉച്ചരിക്കാൻ കഴിയുന്ന സ്ഥലത്ത് നാം എത്തിച്ചേരും—എഫെ. 1:10-11; 3:9-11.

എഫെ. 1:10 — അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,

എഫെ. 1:11 — തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

എഫെ. 3:9 — സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

എഫെ. 3:10 — അത് ഇപ്പോൾ സ്വർഗീയങ്ങളിലെ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും,

എഫെ. 3:11 — നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു,